**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - കോവിഡ്-19 – ഇടുക്കി ജില്ലയിലെ തോട്ടം മേഖലയിലെ അതിഥി തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

================================================================================

**ഭക്ഷ്യ പൊതുവിതരണ (ഡി) വകുപ്പ്**

സ.ഉ.(കൈ)നം.113/2020/ഭ.പൊ.വി.വ തിരുവനന്തപുരം, തീയതി 24.04.2020

================================================================================

പരാമർശം: ഇടുക്കി ജില്ലാ കളക്ടറുടെ 23.04.2020 ലെ സി.എസ്.എ 2-595/20 നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ തോട്ടം മേഖലയിലെ അതിഥി തൊഴിലാളികൾക്ക് തോട്ടം ഉടമകൾ/മാനേജ്മെന്റ് ആണ് താമസം, ഭക്ഷണം തുടങ്ങിയ കാര്യങ്ങൾ നടത്തിക്കൊണ്ട് വരുന്നതെങ്കിലും നിലവിലെ ലോക് ഡൗണുമായി ബന്ധപ്പെട്ട് ടി തോട്ടം ഉടമകൾ/മാനേജ്മെന്റ് സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ തോട്ടം മേഖലയിൽ പ്രവർത്തിക്കുന്ന അതിഥി തൊഴിലാളികൾക്ക് സൗജന്യ ഭക്ഷ്യധാന്യ വിതരണം ആരംഭിക്കുന്നത് ഉചിതമായിരിക്കുമെന്ന ഇടുക്കി ജില്ലാ ലേബർ ഓഫീസറിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) ലെ കത്തു പ്രകാരം ആയത് സംബന്ധിച്ച് ഉത്തരവ് ഉണ്ടാകണമെന്ന് ഇടുക്കി ജില്ലാ കളക്ടർ ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഇടുക്കി ജില്ലാ ലേബർ ഓഫീസറുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഇടുക്കി ജില്ലയിലെ തോട്ടം മേഖലയിൽ പ്രവർത്തിക്കുന്ന റേഷൻ കാർഡ് ഇല്ലാത്ത അതിഥി തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിച്ച് കൊണ്ട് ഉത്തരവാകുകയും ചെയ്യുന്നു.

ഇത്തരത്തിൽ സൗജന്യമായി റേഷൻ വിതരണം നടത്തുമ്പോഴുണ്ടാകുന്ന ചെലവ് CMDRF/SDRF -ൽ നിന്നും കണ്ടെത്താവുന്നതാണ്. ആയതിന് വേണ്ട നിർദ്ദേശങ്ങൾ സിവിൽ സപ്ലൈസ് ഡയറക്ടർ സമർപ്പിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**സാജു.എസ്**

**ജോയിന്റ് സെക്രട്ടറി**

സിവിൽ സപ്ലൈസ് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ജില്ലാ കളക്ടർ, ഇടുക്കി

റവന്യൂ വകുപ്പ്

ധനകാര്യ വകുപ്പ്

തൊഴിലും നൈപുണ്യവും വകുപ്പ്

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി/ ഓഫീസ് സെക്ഷൻ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ